ഭരണ നവീകരണവുമായി ബന്ധപ്പെട്ട ചെലവുകൾ

4 [706] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ:
,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് ഗവൺമെന്റ് ഇതിനകം ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭരണ നവീകരണ പദ്ധതിക്കായി എന്തു തുക ചെലവഴിച്ചു;

(ഡി) ഇനി എന്തു തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു എന്നറിയാമോ;

(ഇ) കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിൽ കൺസൾട്ടൻസിക്കായും പഠനങ്ങൾ നടത്താനും ഇതു സംബന്ധിച്ച് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എഫ്) ആയിനത്തിൽ എന്ത് തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടിക്ക് കീഴിൽ നടപ്പിലാക്കേണ്ട 93 ഉദ്യമങ്ങൾക്കുള്ള വിശദമായ പ്രവർത്തന പദ്ധതിയും സേവനപ്രദാനവുമായ ബന്ധപ്പെട്ട ഉദ്യമങ്ങളുടെ വേഗതയിലുള്ള നിർവ്വഹണത്തിനായി ഒരു സേവന പ്രദാന പദ്ധതിയും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ നവീകരണ പരിപാടിക്കു കീഴിൽ തിരുവനന്തപുരം സിറ്റി പോലീസിന് പൊതുജനങ്ങളുമായി ആശയവിനിമയം നടത്താൻ അനുവദിച്ച ജാലിക (website) പ്രവർത്തനസജ്ജമായി കഴിഞ്ഞു. വിലാസം: *www.tvmcitypolice.org* കൂടാതെ കളക്ടറേറ്റുകളുടെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 345/03/പൊ.ഭ.വ. തീയതി 26-11-2003 പ്രകാരം അംഗീകരിച്ച വിശദമായ പ്രവർത്തന പദ്ധതിയും സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 346/03/പൊ.ഭ.വ തീയതി 27-11-2003 പ്രകാരം അംഗീകരിച്ച സേവന പ്രദാന പദ്ധതിയും സർക്കാർ നവീകരണ പരിപാടിയുടെ ഔദ്യോഗിക ജാലികയായ *www.keralamgp.org*-യിൽ പൂർണ്ണരൂപത്തിൽ ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭരണ നവീകരണ പരിപാടിയുടെ നടത്തിപ്പിനായി 2002-2003 സാമ്പത്തിക വർഷം 7,61,712 രൂപയും നടപ്പ് സാമ്പത്തിക വർഷം 1,34,87,814 രൂപയും ചെലവായിട്ടുണ്ട്.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി 4,92,35,00,000 രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഈ വർഷം ചെലവഴിക്കാതെ വരുന്ന തുക അടുത്ത വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിക്കുന്നതാണ്.

(ഇ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ കമ്പ്യൂട്ടറും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിനും പഠനങ്ങൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ നവീകരണ പരിപാടിയുടെ നടത്തിപ്പിന് വിദഗ്ദ്ധ സേവനം ആവശ്യമെന്നു കണ്ടാൽ നെതർലന്റ്സ് സർക്കാരിന്റെ ഗ്രാന്റ് ഉപയോഗിച്ച് അത് ലഭ്യമാക്കാനും വ്യവസ്ഥയുണ്ട്.

(എഫ്) ഇവ ആവശ്യമായി വരുന്ന മുറയ്ക്ക് എം.ജി.പി.-ക്ക് വേണ്ടിയുള്ള ഉന്നതാധികാര സമിതിയുടെ അംഗീകാരത്തിനായി വകുപ്പുകൾക്ക് ശുപാർശ സമർപ്പിക്കാവുന്നതും ഫണ്ടിന്റെ ലഭ്യതയും ശുപാർശ ചെയ്യപ്പെടുന്ന പ്രോജക്ടിന്റെ ആവശ്യകതയും അനുസരിച്ച് ഉന്നതാധികാര സമിതി അവയ്ക്ക് അംഗീകാരം നൽകുകയും ചെയ്യുന്നതാണ്.

ഭരണ നവീകരണ പദ്ധതിയെക്കുറിച്ചുള്ള ചർച്ച

5 [T707] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പദ്ധതിയെക്കുറിച്ചുള്ള ചർച്ച തുടങ്ങിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് ഈ ചർച്ചയിൽ പങ്കെടുത്തവർ ആരൊക്കെ;

(സി) സംസ്ഥാനത്തിന് പുറത്തു നിന്നും ഏതെങ്കിലും ഏജൻസികൾ ഈ ചർച്ചയിൽ പങ്കെടുത്തിട്ടുണ്ടോ;

(ഡി) 2002 ജനുവരിയിൽ ചീഫ് സെക്രട്ടറി ചെയർമാനായി രൂപീകരിച്ച സ്റ്റിയറിംഗ് കമ്മിറ്റി എത്ര തവണ യോഗം ചേർന്നു; പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സ് ലഭ്യമാക്കുമോ;

(ഇ) 2002 ഏപ്രിലിൽ കോവളത്ത് എ.ഡി.ബി. പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഉണ്ടായ നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(എഫ്) പ്രസ്തുത ചർച്ചയിൽ സംസ്ഥാന സർക്കാർ, എ.ഡി.ബി. എന്നിവരെ പ്രതിനിധീകരിച്ച് ആരൊക്കെ പങ്കെടുത്തു;

(ജി) ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഭരണ നവീകരണ പദ്ധതിയെക്കുറിച്ചുള്ള കരട് നിർദ്ദേശങ്ങളിൽ മന്ത്രിസഭ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly